16
ഡിസംബർ 2018 ഞായർ
1194 ധനു 01
തിരുവനന്തപുരം

കേരളകൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ

20 പേജ് ₹ 8.00

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

നടി ലീന മരിയയുടെ ബ്യൂട്ടിപാർലറിന് നേരെ വെടിവയ്പ്

■ വെടിയുതിർത്തത് ബൈക്കിലെത്തിയ രണ്ടംഗ സംഘം ■ ആർക്കും പരിക്കില്ല

▸ സ്വന്തം ലേഖകൻ

കൊച്ചി: കോടികളുടെ തട്ടിപ്പ് കേസിലെ പ്രതി നടി ലീന മരിയ പോളിന്റെ എറണാകുളം പനമ്പള്ളിനഗറിലുള്ള ആഡംബര ബ്യൂട്ടി പാർലറിൽ പട്ടാപ്പകൽ വെടിവയ്പ്. ആർക്കും പരിക്കില്ല. ബൈക്കിലെത്തിയ രണ്ടംഗ സംഘമാണ് വെടിയുതിർത്തത്. ഇവരുടെ സി.സി.ടി.വി ദൃശ്യങ്ങൾ പൊലീസിന് ലഭിച്ചു. ഇന്നലെ വൈകിട്ട് മൂന്നരയോടെയായിരുന്നു സംഭവം.

ലീന മരിയ

പനമ്പള്ളിനഗറിലെ തിരക്കേറിയ സ്ഥലത്ത് 'ദ നെയിൽ ആർട്ടിസിറ്റി' എന്ന ബ്യൂട്ടി പാർലർ രണ്ടാംനിലയിലാണ് പ്രവർത്തിക്കുന്നത്. താഴത്തെ നിലയിൽ നടൻ ധർമ്മജൻ ബോൾഗാട്ടിയുടെ ഫിഷ്റബ്ബ് എന്ന മത്സ്യവില്പനശാലയാണ്. ഇതിന്റെ വശത്തുള്ള ടിയുള്ള പടികളിലൂടെ മുകളിലെത്തിയ അക്രമികൾ ബ്യൂട്ടിപാർലറിന്റെ ഡോറിന് മുന്നിൽ സെക്യൂരിറ്റി ജീവനക്കാരനെ കണ്ടതോടെ ചുവരിലേക്ക് രണ്ടു തവണ വെടിയുതിർക്കുകയായിരുന്നു. പാർലറിന് ഉള്ളിലേക്ക് പ്രവേശിച്ചില്ല. ഈ സമയം രണ്ടു ജീവനക്കാരും രണ്ട് ഇടപാടുകാരും ഉള്ളിലുണ്ടായിരുന്നു. വെടിയുതിർത്ത ശേഷം പുറത്തിറങ്ങിയ അക്രമികൾ ബൈക്കിൽ രക്ഷപ്പെട്ടു. ഏതുതരം തോക്കാണ് ഉപയോഗിച്ചതെന്ന് മനസിലാക്കാനായിട്ടില്ലെന്ന് തൃക്കാക്കര അസി. കമ്മിഷണർ പി.പി.ഷംസ് 'കേരളകൗമുദി'യോട് പറഞ്ഞു.

എറണാകുളം പനമ്പള്ളി നഗറിലെ ബ്യൂട്ടി പാർലറിൽ ബൈക്കിലെത്തി വെടിവയ്പ് നടത്തിയ യുവാക്കളുടെ സി.സി ടിവി ദൃശ്യം

സംസ്ഥാനത്തിന് പുറത്തുള്ള നടിയുമായി പൊലീസ് ഫോണിൽ ബന്ധപ്പെട്ടു. ഇവർ അടുത്ത ദിവസം നേരിട്ട് മൊഴി നൽകാനെത്തും.

2013 ലാണ് കനറാ ബാങ്ക് ചെന്നൈ ശാഖയിൽ നിന്ന് 19 കോടി രൂപ തട്ടിയെടുത്തതായി ഇവർക്കെതിരെ കേസുണ്ടായത്. 2015 ൽ അറസ്റ്റിലായി. റെഡ് ചില്ലീസ്, ഹസ്ബൻഡ്സ് ഇൻ ഗോവ എന്നീ മലയാള ചിത്രങ്ങളിൽ ലീന അഭിനയിച്ചിരുന്നു. ബോളിവുഡ് ചിത്രമായ 'മദ്രാസ് കഫേ'യിൽ പ്രശസ്ത താരം ജോൺ എബ്രഹാമിനൊപ്പവും അഭിനയിച്ചിട്ടുണ്ട്.

കൊച്ചി സിറ്റി പൊലീസ് ഡെപ്യൂട്ടി കമ്മിഷണർ ജെ. ഹിമേന്ദ്രനാഥ്, അസി. കമ്മിഷണർ പി.പി. ഷംസ്, സൗത്ത് സി.ഐ. സിബി ടോം എന്നിവരും ഫോറൻസിക് വിദഗ്ധരുംസംഭവസ്ഥലത്തെത്തി പരിശോധന നടത്തി.

പിന്നിൽ മുംബയ് അധോലോകമോ



മുംബയ് അധോലോകസംഘത്തിലെ രവിപൂജാരിയാണ് സംഭവത്തിന് പിന്നിലെന്ന് നടി ജീവനക്കാരോട് സൂചിപ്പിച്ചതായി പറയപ്പെടുന്നു. ഇക്കാര്യം പൊലീസ് സ്ഥിരീകരിക്കുന്നില്ല. കഴിഞ്ഞ ദിവസം 25 കോടി രൂപ നൽകണമെന്ന് രവി പൂജാരി ആവശ്യപ്പെട്ടതായാണ് വിവരം. പണം നൽകാനോ പൊലീസിൽ വിവരം അറിയിക്കാനോ നടി ശ്രമിച്ചില്ല. ഇരുവരും തമ്മിലുള്ള സാമ്പത്തിക തർക്കമാണ് വെടിവയ്പിന് പിന്നിലെന്ന് സംശയിക്കുന്നു. ഈ വഴിക്കാണ് പൊലീസ് അന്വേഷണവും.

ലണ്ടനിലിരുന്ന് കേരളത്തിൽ പൂജാരിയുടെ ഓപ്പറേഷൻ - പേജ് 7

മലയാളി ജവാൻ ഛത്തീസ്ഗഡിൽ അപകടത്തിൽ മരിച്ചു

മരണം നവജാത ശിശുവിനെ കാണാനെത്താനിരിക്കെ

വിതുര: മൂന്നുദിവസം മുമ്പ് പിറന്ന കൺമണിയെ കാണാൻ നാട്ടിലെത്താനിരുന്ന മലയാളി സി.ഐ.എസ്.എഫ് ജവാൻ ഛത്തീസ്ഗഡിൽ ട്രക്കപകടത്തിൽ മരിച്ചു. വിതുര മലയടി അഭിലാഷ് ഭവനിൽ കെ.സോമന്റെയും എസ്.ഉഷയുടെയും മകൻ എസ്. അഭിലാഷാണ് (31) വെള്ളിയാഴ്ച അർദ്ധരാത്രി ട്രക്ക് നിയന്ത്രണം വിട്ട് കൊക്കയിലേക്ക് മറിഞ്ഞ് മരിച്ചത്. ഛത്തീസ്ഗഡ് നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് യൂണിറ്റിൽ ഡ്രൈവറായിജോലി നോക്കുകയായിരുന്നു. കഴിഞ്ഞ ദിവസം പിറന്ന മകൾ അതിഥിയെ കാണാൻ 22ന് നാട്ടിൽ വരാനിരിക്കെയാണ് ദുരന്തം.

അഭിലാഷും ഒപ്പമുണ്ടായിരുന്ന ബീഹാറുകാരനായ യുവാവും തത്ക്ഷണം മരിച്ചു. ഒപ്പമുണ്ടായിരുന്ന മറ്റൊരു ജവാൻ ഗുരുതരാവസ്ഥയിൽ ആശുപത്രിയിലാണ്. മൃതദേഹം ഇന്ന് നാട്ടിലെത്തിക്കും. സംസ്കാരം പൂർണ ഔദ്യോഗിക ബഹുമതികളോടുകൂടി വൈകിട്ട് വീട്ടുവളപ്പിൽ നടക്കും. ഭാര്യ: കെ.ശ്രീക്കുട്ടി. മക്കൾ: അതിദേവ്, അതിഥി.

ട്രാൻ. കണ്ടക്ടർ നിയമന ഉത്തരവ് നാളെ മുതൽ

തിരുവനന്തപുരം: കണ്ടക്ടർ തസ്തികയിലേക്ക് പി.എസ്.സിയുടെ അഡ്വൈസ് മെമ്മോ ലഭിച്ച മുഴുവൻ പേർക്കും തിങ്കളാഴ്ച മുതൽ നിയമന ഉത്തരവ് നൽകുമെന്ന് കെ.എസ്.ആർ.ടി.സി അറിയിച്ചു. നിയമന ഉത്തരവ് ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ഡോക്ടറുടെ സാക്ഷ്യപത്രം, ആവശ്യമായ മറ്റ് രേഖകൾ എന്നിവ സഹിതം ഉത്തരവിൽ പറയുന്ന തീയതിയിൽ പറയുന്ന ഡിപ്പോ അധികാരിക്ക് മുന്നിൽ ഹാജരാകണം.

തലവര

ജനങ്ങളെ കേൾക്കൂ, അവർ നിങ്ങളെയും കേൾക്കും - കേരളത്തിലെ ബി.ജെ.പി പ്രവർത്തകരോട് മോദി

'ജനം' ശബ്ദം കൂട്ടി വച്ചോ... ജനവിധിയുടെ നിലവിളി ശബ്ദം ആരും കേൾക്കേണ്ട...

പ്രളയം കഴിഞ്ഞ് വരുന്നു, അടുത്ത ഷോക്ക്

വൈദ്യുതി നിരക്ക് വർദ്ധന അടുത്തയാഴ്ച

▸ പി.എച്ച്.സനൽകുമാർ

തിരുവനന്തപുരം: പ്രളയ ദുരന്തത്തിൽ നിന്ന് കരകയറി വരുന്ന കേരളത്തിലെ ജനങ്ങൾക്ക് മറ്റൊരു ഷോക്കായി വൈദ്യുതി നിരക്ക് വർദ്ധന വരുന്നു. അടുത്തയാഴ്ച തീരുമാനം പ്രഖ്യാപിച്ചേക്കും. ഗാർഹിക ഉപഭോക്താക്കൾക്ക് പരമാവധി 37.5 ശതമാനം വരെ വർദ്ധന വരുന്ന തരത്തിലാണ് നിർദ്ദേശം. 225 യൂണിറ്റ് പ്രതിമാസം ഉപയോഗിക്കുന്നവർക്കാണ് ഈ വർദ്ധന നിർദ്ദേശിച്ചിരിക്കുന്നത്. ഇടത്തരക്കാർ കൂടുതലുള്ള സ്ലാബാണിത്. അവർക്ക് ദ്വൈമാസവൈദ്യുതിബിൽതുക 1196 ൽ നിന്ന് 1642 രൂപയിലേക്ക് വർദ്ധിക്കും. പ്രതിമാസം 500 യൂണിറ്റിലും കൂടുതൽ ഉപയോഗിക്കുന്നവർക്ക് 13 ശതമാനം വർദ്ധനവേ ഉണ്ടാകൂ. അതേസമയം വൈദ്യുതി നിരക്കു വർദ്ധിപ്പിക്കാനുള്ള വൈദ്യുതി ബോർഡിന്റെ നിർദ്ദേശം ഇടതുമുന്നണി നയത്തിനെതിരാണെന്ന് ആക്ഷേപമുയർന്നിട്ടുണ്ട്. വൻകിടക്കാരിൽനിന്നുകൂടുതൽ വർദ്ധന ഈടാക്കി ഇടത്തരം ഉപയോക്താക്കളെ പരമാവധി ദ്രോഹിക്കാതെ വിടുകയെന്നതാണ് നയം. എന്നാൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് ഇളവും ചെറുകിടക്കാർക്ക് അധികഭാരവും നൽകാനാണ് ബോർഡിന്റെ ശുപാർശ. നിരക്ക് വർദ്ധനയിലൂടെ 8.5 ശതമാനം വർദ്ധനയാണ് കെ.എസ്. ഇ.ബി ലക്ഷ്യമിടുന്നത്. നടപ്പ് വർഷം 1100.70 കോടിയുടെ നഷ്ടം വരും. ഇതിന് പുറമേ പ്രളയം മൂലം 800 കോടിയുടെ ബാദ്ധ്യതവന്നെന്നാണ് കെ.എസ്.ഇ.ബിയുടെ നിലപാട്. ഇതെല്ലാം ഉപഭോക്താക്കളുടെ തലയിൽ കെട്ടിവയ്ക്കാനാണ് നീക്കം.

വൈദ്യുതി ഉപയോഗം പരമാവധി നിരുത്സാഹപ്പെടുത്താനായിരുന്നു മുൻകാലങ്ങളിൽ ബോർഡിന്റെ ശ്രമം. എന്നാൽ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതാണ് ലാഭമെന്നും അതനുസരിച്ചാണ് ഇത്തവണത്തെ നിരക്ക് വർദ്ധനാനിർദ്ദേശമെന്നുമാണ് ബോർഡിന്റെ വാദം.

കുറഞ്ഞ ചെലവിൽ വാങ്ങി കൂടിയ വിലയ്ക്കു വിൽക്കാം

കേന്ദ്രസർക്കാർ കൊണ്ടുവരുന്ന പുതിയ വൈദ്യുതി നയത്തിന്റെ അടിസ്ഥാനത്തിൽ വൻകിട ഉപഭോക്താക്കൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് നേരിട്ട് വൈദ്യുതി കൊണ്ടുവരാൻ അവസരമൊരുങ്ങും. നിരക്ക് കൂട്ടിയാൽ അവർ കെ.എസ്.ഇ.ബിയെ ഉപേക്ഷിച്ച് പുറത്തുനിന്ന് കുറഞ്ഞ വിലയ്ക്ക് നേരിട്ട് വൈദ്യുതി വാങ്ങുമെന്ന ആശങ്കയുണ്ട്. ഇത് കണക്കിലെടുത്ത് വൻകിട ഉപഭോക്താക്കളുടെ നിരക്ക് 25 ശതമാനമെങ്കിലും കൂട്ടണമെന്നുമുൻനിലപാടിൽ നിന്ന് മാറി 10 ശതമാനത്തിന്റെ നേരിയ വർദ്ധന മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത്.

> പ്രളയത്തിൽ കെ.എസ്.ഇ.ബിക്ക് 860 കോടിയുടെ നഷ്ടമുണ്ടായി. ഈ സാഹചര്യത്തിൽ നിരക്ക് കൂട്ടേണ്ടത് അനിവാര്യമാണ്. റഗുലേറ്ററി കമ്മിഷനാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുക.
>
> മന്ത്രി എം.എം. മണി

ഹർത്താൽ നിയന്ത്രിക്കണം

കേരളകൗമുദി ഇന്നലെ പ്രസിദ്ധീകരിച്ച മുഖ്യവാർത്ത

2018 വിടപറയാൻ 16 ദിവസം ശേഷിക്കെ 97 ഹർത്താലുകളുമായി സംസ്ഥാനം മുന്നേറുന്നതായി കേരളകൗമുദി പ്രസിദ്ധീകരിച്ച മുഖ്യവാർത്ത ഏറെ ചർച്ചയായിരുന്നു. നിരവധി പേരാണ് ഇതേത്തുടർന്ന് ഹർത്താലിനെതിരെ പ്രതികരിച്ചത്.

വ്യാപാരി വ്യവസായി സംയുക്തയോഗം

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ പുരോഗതിയെ തകർക്കുന്ന ഹർത്താലുകൾക്കെതിരെ കേരളത്തിലെ വ്യാപാരി-വ്യവസായി മേഖലയിലും അനുബന്ധ മേഖലകളിലും പ്രവർത്തിക്കുന്ന മുഴുവൻ സംഘടനകളുടെയും സംയുക്തയോഗം നടത്തുന്നു. 20ന് ഉച്ചയ്ക്ക് 2ന് വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് ടി.നസിറുദ്ദീന്റെ അദ്ധ്യക്ഷതയിൽ കോഴിക്കോട് വ്യാപാരഭവനിലാണ് യോഗം.

അപ്രതീക്ഷിത ഹർത്താലുമായി സഹകരിക്കേണ്ടെന്ന് കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ (കെ.എച്ച്.ആർ.എ) സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു. കഴിഞ്ഞ ഹർത്താൽ മൂലം കോടികളുടെ നഷ്ടമാണ് വിനോദസഞ്ചാര മേഖലയ്ക്കും ഹോട്ടലുകൾക്കുമുണ്ടായത്.

> **സി**.പി.എം ഇനി അത്യാവശ്യ കാര്യങ്ങൾക്കേ ഹർത്താൽ പ്രഖ്യാപിക്കൂ. ഹർത്താലുകൾ ജനവിരുദ്ധമാവരുത്. ഹർത്താലുകൾ നിയന്ത്രിക്കണം. ഇക്കാര്യത്തിൽ അഭിപ്രായ സമന്വയത്തിന് സി.പി.എം മുൻകൈയെടുക്കും. പ്രധാനമന്ത്രി തന്നെ ഹർത്താലിനെ പിന്തുണയ്ക്കുന്നത് അസാധാരണ സംഭവമാണ്.
>
> *സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ*

> **ഹ**ർത്താലുകൾ ആര് നടത്തിയാലും ശരിയല്ല. ഹർത്താലുകൾ നടത്തുന്നവരെപോലെതന്നെ ഭരണഘടനാപരമായ അവകാശങ്ങൾമറ്റുള്ളവർക്കുമുണ്ട്. അത് നിഷേധിക്കാൻ പാടില്ല. എന്റെ പാർട്ടിയടക്കം ഹർത്താലുകൾ നടത്തുന്നത് അംഗീകരിക്കുന്നില്ല. ഇത്തരം കാര്യങ്ങൾക്കൊക്കെ മാറ്റം വരണം.
>
> *കേന്ദ്ര ടൂറിസം മന്ത്രി അൽഫോൺസ് കണ്ണന്താനം*

സഞ്ചയനം ഇന്ന് 16.12.2018 രാവിലെ 10.30 ന്

സരോജിനി ഭാസ്കരൻ

ചിറ്റേഴത്ത്, പൂച്ചാക്കൽ. ഫോൺ: 9961 69 00 00

ഞങ്ങളുടെമാതാവ് ചിറ്റേഴത്ത് സരോജിനിഭാസ്കരൻ 11.12.2018 ചൊവ്വാഴ്ചനിര്യാതയായ വിവരം അറിഞ്ഞ് സ്വവസതിയിൽ എത്തി സംസ്കാര ചടങ്ങിൽ പങ്കെടുക്കുകയും ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്ത എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളിനടേശൻ, പ്രീതിനടേശൻ, ദേവ്തുഷാർ, ദേവസ്വംസെക്രട്ടറിഅരയാക്കണ്ടി സന്തോഷ്, അഡ്വ. എ.എൻ. രാജൻബാബു, പി.വി ബിനേഷ് പ്ലാത്താനത്ത്, കെ.കെ മഹേശൻ, പി.ഡി .ലക്കി, ടി.ഡി .പ്രകാശൻ തച്ചാപറമ്പിൽ, വിവിധ യൂണിയൻ ഭാരവാഹികൾ, ട്രസ്റ്റ് ബോർഡ് അംഗങ്ങൾ, വിവിധ രാഷ്ട്രീയ സാമുദായിക സാമൂഹ്യ രംഗത്തെ പ്രമുഖർ, എസ്.എൻ.വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രിൻസിപൽമാർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, പൂച്ചാക്കൽ മർച്ചന്റ് അസോസിയേഷൻ അംഗങ്ങൾ എന്നിവരും ഫോണിലൂടെ അനുശോചനമറിയിച്ച് ആശ്വസിപ്പിച്ച എസ്.എൻ.ഡി.പി. യോഗം വൈസ്പ്രസിഡന്റ് ഇഷാർ വെള്ളാപ്പള്ളി, മന്ത്രി പി.തിലോത്തമൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ബിനോയ് വിശ്വം എം.പി, അഡ്വ. എ.എം. ആരിഫ് എം. എൽ. എ, റിട്ട. ഡി. ജി. പി പി. ചന്ദ്രശേഖരൻ തുടങ്ങിയവരുൾപ്പെടെയുള്ള എല്ലാവർക്കും നന്ദി അറിയിക്കുന്നു. ഇന്ന് നടക്കുന്ന സഞ്ചയന ചടങ്ങിലും 27.12.2018 രാവിലെ 10ന് നടക്കുന്ന സപിണ്ഡി ചടങ്ങിലും പങ്കെടുക്കുന്നതിന് എല്ലാവരേയും സവിനയം ക്ഷണിക്കുന്നു.

മക്കൾ: കെ.എൽ.അശോകൻ (മാനേജർ, വെള്ളാപ്പള്ളി ഗ്രൂപ്പ്), സി.എസ്സുജാത, എസ്.ഗിരിജ, ബി.സുനന്ദ (എസ്.എൻ.ട്രസ്റ്റ് സ്കൂൾ, ചേർത്തല). **മരുമക്കൾ:** സുവിധ (എസ്.എൻ.ട്രസ്റ്റ് സ്കൂൾ, ചേർത്തല), ടി.എൻ സരോജൻ, കെ.എൻ.ഷൺമുഖൻ, അശോകൻ (എസ്.എൻ കോളേജ്, ചേർത്തല).

MD

സപിണ്ഡി അടിയന്തിരം 27.12.2018 രാവിലെ 10ന്

പുൽവാമയിൽ മൂന്ന് ഭീകരരെ വധിച്ചു

7 നാട്ടുകാർ കൊല്ലപ്പെട്ടു; ജവാന് വീരമൃത്യു

ശ്രീനഗർ: ജമ്മുകാശ്മീരിലെ പുൽവാമയിൽ മൂന്ന് പ്രാദേശിക ഭീകരരെ വധിച്ചതിനെ തുടർന്ന് പ്രക്ഷോഭം നടത്തിയ നാട്ടുകാർക്ക് നേരെ സൈന്യം നടത്തിയ വെടിവയ്പിൽ ഏഴ് പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റു.

ഭീകരരുമായുള്ള ഏറ്റുമുട്ടലിൽ ഗുരുതരമായി പരിക്കേറ്റ രണ്ട് ജവാൻമാരിലൊരാൾ വീരമൃത്യു വരിച്ചു.

ഇന്നലെ പുലർച്ചെ സിർണൂവിലെ ഖർപോവയിൽ ആപ്പിൾ തോട്ടത്തിൽ ഒളിച്ചിരുന്ന മൂന്ന് ഭീകരരെയാണ് സുരക്ഷാസേന വധിച്ചത്. കൊല്ലപ്പെട്ട ഒരു ഭീകരൻ സഹ്ദർ അഹമ്മദ് തോക്കർ എന്ന മുൻ സൈനികനാണെന്ന് പൊലീസ് സംശയിക്കുന്നു. ഇത് സ്ഥിരീകരിച്ചിട്ടില്ല.

കൊല്ലപ്പെട്ട നാട്ടുകാരിൽ ലിയാഖത്ദർ, സുഹൈൽ അഹമ്മദ്, അമിർ അഹമ്മദ്, അബിദ് ഹുസൈൻ എന്നീ യുവാക്കൾ ഉൾപ്പെടുന്നു. മൂന്നുപേരെ തിരിച്ചറിഞ്ഞിട്ടില്ല.

നാട്ടുകാർ കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ച് പുൽവാമയിൽ പല കേന്ദ്രങ്ങളിലും ജനങ്ങൾ അക്രമാസക്തമായി. സുരക്ഷാസേനയ്ക്കു നേരെയും അക്രമങ്ങൾ അരങ്ങേറി. തെരുവിലിറങ്ങിയ ജനങ്ങളെ പിരിച്ചുവിടാൻ സേന കണ്ണീർവാതകം പ്രയോഗിക്കുകയും പെല്ലറ്റ് തോക്കുകൾ ഉപയോഗിച്ചു വെടിവയ്ക്കുകയും ചെയ്തു. പെല്ലറ്റുകൾ ഏറ്റ് നിരവധി പേർക്ക് പരിക്കേറ്റു.

കരസേനയുടെ 55 രാഷ്ട്രീയ റൈഫിൾസ്, പൊലീസിന്റെ പ്രത്യേക ഓപ്പറേഷൻ സംഘം, സി.ആർ.പി.എഫിന്റെ 182/183 ബറ്റാലിയൻ എന്നിവർ സംയുക്തമായാണ് ഓപ്പറേഷൻ നടത്തിയത്.

ബൈക്കപകടം: പതിന്നാലുകാരൻ മരിച്ചു

സഹൽ സാബു

കഴക്കൂട്ടം: അദ്ധ്യാപകന്റെ ബൈക്കുമായി ആരുമറിയാതെ അർദ്ധരാത്രി കറങ്ങാനിറങ്ങിയ 14 കാരനായ അറബിക് കോളേജ് വിദ്യാർത്ഥി അപകടത്തിൽ മരിച്ചു. ഒപ്പമുണ്ടായിരുന്ന 15 കാരന് പരിക്കേറ്റു. മംഗലപുരം മേൽതോന്നയ്ക്കൽ പാട്ടത്തിൻ ദേശത്ത് പൊയ്ക്കയിൽ പള്ളിക്ക് സമീപം നിഖമത്ത് മൻസിലിൽ സാബു- ജസീനബീവി ദമ്പതികളുടെ മകൻ സഹൽ സാബുവാണ് മരിച്ചത്. കരുനാഗപ്പള്ളി പനയന്നാർകാവ് സ്വദേശി ഹസനാണ് പരിക്കേറ്റത്. ഇവർ സഞ്ചരിച്ചിരുന്ന ബൈക്ക് ഇന്നലെ പുലർച്ചെ ഒരുമണിയോടെ ശാസ്തവട്ടത്തെ റോഡരികിൽ പോസ്റ്റിലിടിച്ചാണ് അപകടം. ശബ്ദം കേട്ടെത്തിയ സമീപവാസികൾ മെഡിക്കൽകോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും സഹലിനെ രക്ഷിക്കാനായില്ല. മുട്ടപുരത്തെ അറബിക് കോളേജിൽ താമസിച്ച് പഠിക്കുന്ന ഇവർ കോളേജ് അധികൃതർ അറിയാതെയാണ് അവിടെയുണ്ടായിരുന്ന ബൈക്കിൽ കറങ്ങാനിറങ്ങിയത്.

സഹൽ തോന്നയ്ക്കൽ ഹയർസെക്കൻഡറി സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിയാണ്. പിതാവ് വിദേശത്താണ്. സഹോദരി സാഹിറ.

മൃതദേഹം പോസ്റ്റുമോർട്ടത്തിന് ശേഷം പൊയ്ക്കയിൽ മുസ്ലിം ജമാഅത്തിൽ കബറടക്കി.